പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1508

21.03.2012 ൽ മറുപടിക്ക്

## ഇട്ടി അച്ചുതൻ സ്മാരകം

ചോദ്യം

ശ്രീ. പി. തിലോത്തമൻ

മറുപടി

ശ്രീ. കെ. സി. ജോസഫ്

(ബഹു. ഗ്രാമ വികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇട്ടി അച്ചുതൻ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം സ്വകാര്യവ്യക്തിയിൽ നിന്നും പുരാവസ്തു വകുപ്പ് ഏറ്റെടുക്കാതെ എങ്ങനെയാണ് സ്മാരകം സംരക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (എ) | ഇട്ടി അച്ചുതൻ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം സ്വകാര്യവ്യക്തിയിൽ നിന്നും പുരാവസ്തു വകുപ്പ് ഏറ്റെടുക്കേണ്ടതില്ല. പുരവസ്തു വകുപ്പിന് ഒരു സ്മാരകം സംരക്ഷിക്കുന്നതിന് അതിന്റെ ഉടമസ്ഥാവകാശം ഒരു തടസ്സമല്ല. ഇട്ടി അച്ചുതൻ വൈദ്യർ കുര്യാലയും ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമാക്കുമ്പോൾ ഉടമസ്ഥാവകാശത്തിനോ ആചാരാനുഷ്ഠാനങ്ങൾക്കോ തടസ്സമൊന്നും ഉണ്ടാകുന്നില്ല. എന്നാൽ പ്രസ്തുത സ്ഥലം സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചതിന് ശേഷം അവിടെ നടത്തുന്ന എല്ലാ വിധ നിർമ്മാണ പ്രവർത്തനങ്ങൾ/സ്ഥലം കുഴിക്കുന്നത് എന്നിവ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ മാത്രമേ ചെയ്യുവാൻ കഴിയുകയുള്ളൂ |
| (ബി) | ഇട്ടി അച്ചുതൻ സ്മാരക നിർമ്മാണത്തിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ? | (ബി) | കടക്കരപ്പള്ളി വില്ലേജിലെ ഇട്ടി അച്ചുതൻ വൈദ്യർ കുര്യാലയും കാവും സംരക്ഷിത സ്മാരകമാക്കുന്നതിനു പുരാവസ്തു വകുപ്പിൽ നിന്നും ലഭിച്ച റവന്യൂ ഡീറ്റെയിൽസിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ